1702/2022

ലാൻഡ് റവന്യൂ കമ്മീഷണറുടെ കാര്യാലയം

റവന്യൂ കോംപ്ലക്സ് ,പബ്ലിക് ഓഫീസ് ബിൽഡിംഗ്

മ്യൂസിയം ജംഗ്ഷൻ ,തിരുവനന്തപുരം

മെയിൽ: lrcommissioner@gmail.com

ഫോൺ :0471-2322885

File Number LR/9890/2022/LRA6

തീയതി:31-08-2022

കമ്മീഷണർ

To

ജില്ലാകളക്ടർ

വിഷയം:- സാമൂഹ്യ സുക്ഷാ പെൻഷൻ - വരുമാന സർട്ടിഫിക്കറ്റുകൾ അനുവദിക്കുന്നതിലെ കൃത്യത- സംബന്ധിച്ച്.

സൂചന:- ധനകാര്യ (എസ് എഫ് സി -ബി) വകുപ്പിന്റെ 23/8/2022ലെ 1635909/എസ് എഫ് സി -ബി2/2020/ധന നം കത്ത്

സൂചനയിലേയ്ക്ക് ശ്രദ്ധ ക്ഷണിയ്ക്കുന്നു. സാമൂഹത്തിലെ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന അശരണരും നിരാലംബരായവർക്കും ഒരു കൈത്താങ്ങ് എന്ന നിലയ്ക്കാണ് സർക്കാർ സാമൂഹ്യ സുക്ഷാ പെൻഷനുകൾ അനുവദിയ്ക്കുന്നത്. അർഹതപ്പെട്ടവർക്കെല്ലാം സാമൂഹ്യ സുരക്ഷാ പെൻഷൻ ലഭിക്കുന്നുവെന്ന് ഉറപ്പാക്കുന്നതിനോടൊപ്പം അനർഹർ സാമൂഹ്യ സുരക്ഷാ പെൻഷൻ കൈപ്പറ്റുന്നത് തടയേണ്ടതും സർക്കാരിന്റെ സാമ്പത്തിക ഭദ്രതയ്ക്ക് അനിവാര്യമാണ്. എന്നാൽ സാമൂഹ്യ സുരക്ഷാ പെൻഷന് അപേക്ഷിക്കുന്നതിനായി വരുമാന സർട്ടിഫിക്കറ്റ് അനുവദിയ്ക്കുമ്പോൾ വരുമാനം താഴ്ത്തി രേഖപ്പെടുത്തിയിട്ടുള്ളതിനാൽ അനർഹമായി പെൻഷൻ കൈപ്പറ്റി വരുന്ന ധാരാളം കേസുകൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുള്ളതും പ്രസ്തുത വ്യക്തികളുടെ പെൻഷൻ റദ്ദുചെയ്തിട്ടുള്ളതുമാണ്. വരുമാന സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിലും മറ്റ് ഭൗതിക സാഹചര്യങ്ങളും കണക്കിലെടുത്താണ് അന്വേഷണ ഉദ്യോഗസ്ഥൻ പെൻഷൻ അനുവദിയ്ക്കുന്നതിൽ തീരുമാനം കൈക്കൊള്ളേണ്ടതെന്നതിനാലും 2019 ഡിസംബർ 31 വരെയുള്ള സാമൂഹ്യ സുരക്ഷാ പെൻഷൻ ആവശ്യത്തിലേയ്ക്കായി വരുമാന സർട്ടിഫിക്കറ്റ് അനുവദിയ്ക്കുമ്പോൾ കൃത്യമായ വിവരങ്ങളുടെ അടിസ്ഥാനത്തിലുള്ള പരിശോധനയ്ക്ക ശേഷം യഥാർത്ഥ വരുമാനം രേഖപ്പെടുത്തി സർട്ടിഫിക്കറ്റുകൾ അനുവദിയ്ക്കേണ്ടതാണെന്നും ഇതിൽ വീഴ്ച വരുത്തി സർക്കാരിന് സാമ്പത്തിക നഷ്ടം വരുത്തുന്ന ഉദ്യോഗസ്ഥർക്ക് എതിരെ കർശന നടപടി സ്വീകരിക്കുന്നതുമാകയാൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് ആവശ്യമായ നിർദ്ദേശം നൽകേണ്ടതാണ് എന്ന വിവരം അറിയിക്കുന്നു.

വിശ്വസ്തതയോടെ,

ഒപ്പ്

BEENA.P. ANAND

ASSISTANT COMMISSIONER

പകർപ്പ് :- അറിവിലേയ്ക്ക്-

1.വിജിലൻസ് ഡെപ്യൂട്ടി കളക്ടർ

ഉത്തരമേഖല, മദ്ധ്യമേഖല, ദക്ഷിണ മേഖല

2. സീനിയർ സൂപ്രണ്ട്

ഡി സെക്ഷൻ, പി സെക്ഷൻ, കൃ സെക്ഷൻ, ആർ സെക്ഷൻ

3. നോഡൽ ഓഫീസർ ഐറ്റി സെൽ

ഇത് കമ്പ്യൂട്ടർ ജനറേറ്റുചെയ്ത പ്രമാണമാകയാൽ മാന്വൽ ഒപ്പ് ആവിശ്യമില്ല
ഈ കത്തിന്റെ ആധികാരികത പരിശോധിക്കുന്നതിന് https://eoffice.kerala.gov.in/ എന്ന വെബ്സൈറ്റ് സന്ദർശിക്കാവുന്നതാണ്.